**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4698** **10-08-2021 - ൽ മറുപടിയ്ക്ക്**

**കോഴി വളർത്തൽ യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ നഷ്ടപ്പെട്ട് സംസ്ഥാനത്ത് തിരിച്ചെത്തുന്ന പ്രവാസികൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ; | (എ) | കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ എന്നീ പദ്ധതികളിൽ അംഗമായികൊണ്ടു കോർപ്പറേഷന്റെ സഹായത്തോടുകൂടി കോഴിവളർത്തൽ സംരംഭങ്ങൾ പ്രവാസികൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും തുടങ്ങാവുന്നതാണ്. കേരള സർക്കാരിന്റെ കേരള ചിക്കൻ പദ്ധതി വഴി 2600 ചെറുകിട ഇറച്ചിക്കോഴി യൂണിറ്റുകൾ വിഭാവനം ചെയ്തിട്ടുണ്ട് ഇതിൽ പ്രവാസികൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും മറ്റ് ചെറുകിട ഇറച്ചിക്കോഴി വളർത്തൽ കർഷകർക്കും അംഗമാകാവുന്നതാണ്. കോവിഡാനന്തര കേരളത്തിൽ തൊഴിൽ നഷ്ടപ്പെട്ടവർക്ക് സ്വയം തൊഴിൽ സംരംഭം എന്ന നിലയിൽ കോഴി വളർത്തലിന് സന്നദ്ധതയുമായി മുന്നോട്ട് വരുന്നവർക്ക് കോഴിയും കൂടുകളും ആവശ്യമായ സാങ്കേതിക സഹായങ്ങളും നൽകുന്നതിന് കെപ്കോ നടപടികൾ സ്വീകരിച്ചു വരുന്നു. കുടുംബശ്രീ യൂണിറ്റുകൾക്കുവേണ്ടി കുടുംബശ്രീ കോഴിവളർത്തൽ പദ്ധതിയും, കോഴിവളർത്തൽ ഒരു ഉപജീവനമാർഗമായി സ്വീകരിക്കുന്നവർക്കു വേണ്ടി കോൺട്രാക്ട് ഫാമിംഗ് പദ്ധതിയും സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെപ്കോ നടപ്പാക്കി വരുന്നു. ഇതിനു പുറമെ മുട്ടക്കോഴി ഇൻറഗ്രേഷൻ പദ്ധതിയും കെപ്കോ നടപ്പാക്കുന്നു. സ്വന്തമായി പൗൾട്രി ഷെഡ്സ്, തീറ്റപ്പാത്രം,വെള്ളപ്പാത്രം, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്ന താൽപര്യമുള്ള കർഷകർക്ക് ഒരു ദിവസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെയും, ആവശ്യമായ കോഴിത്തീറ്റയും മരുന്നുകളും സൗജന്യമായി നൽകുന്നു. കോഴികൾക്ക് 45-60 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ |

| | | | |
|---|---|---|---|
| | | | തിരിച്ചെടുക്കുന്നു. കർഷകന് വളർത്തു കൂലിയായി ഒരു കോഴിക്ക് 5 മുതൽ 8 രൂപ വരെ നൽകുന്നു. |
| (ബി) | കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്ന നവസംരംഭകർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (ബി) | കേരള സർക്കാർ നടപ്പിലാക്കുന്ന കേരള ചിക്കൻ പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് ഫാം ഒന്നിന് 50000/- രൂപ വരെ ധനസഹായം നല്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. KSPDC, കുടുംബശ്രീ, BDS എന്നിവരുടെ ഫാമിൽ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള ഇറച്ചി കോഴിക്കുഞ്ഞുങ്ങളെ അംഗങ്ങളായ കർഷകർക്ക് നൽകി അവരിൽ നിന്നും കോഴികുഞ്ഞുങ്ങൾ 38 ദിവസം പ്രായമാകുമ്പോൾ നല്ല വില നൽകി സമാഹരിച്ച് പ്രോസസ് ചെയ്ത പദ്ധതിയുടെ sales outlet വഴി വിപണിയിൽ എത്തിക്കുന്നു. ഇതുവഴി ഇറച്ചിക്കോഴി ഫാം സംരംഭകർക്ക് അവർ ഉല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴികൾ വിൽക്കാനുള്ള സ്ഥിരമായ മാർക്കറ്റിംഗ് സൗകര്യവും നല്ല വരുമാനവും ലഭ്യമാകുന്നതാണ്. കോഴി വളർത്തലിൽ ഏർപ്പെടുന്ന നവസംരംഭ കർക്ക് എല്ലാവിധ സാങ്കേതികോപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കെപ്കോ നൽകി വരുന്നു. ഇതിനുവേണ്ടി കെപ്കോയുടെ ആസ്ഥാനമായ പേട്ടയിൽ വെറ്ററിനറി സർജന്റെ ചുമതലയിൽ ഒരു ടെക്നിക്കൽ സർവീസ് സെൻറർ പ്രവർത്തിക്കുന്നു. കോഴികളുടെ രോഗ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, വൈറ്റമിനുകൾ, സപ്ലിമെൻറുകൾ തുടങ്ങിയവ 20 ശതമാനം വരെ ഡിസ്കൗണ്ടിൽ പേട്ടയിലെ കെപ്കോ മെഡിക്കൽ സ്റ്റോറിൽ നിന്നും കർഷകർക്ക് ലഭിക്കുന്നുണ്ട്. അതിനുപുറമെ കോഴിവളർത്തൽ കർഷകർക്ക് ആവശ്യമായ എല്ലാവിധ ഉപകരണങ്ങളും കെപ്കോയുടെ കീഴിൽ പേട്ടയിൽ പ്രവർത്തിക്കുന്ന പൗൾട്രി ഉപകരണ വിപണന കേന്ദ്രത്തിൽ ന്യായമായ വിലയിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ